# മഹാത്മാഗാന്ധി സർവ്വകലാശാല

**ലാലപ്പൻ സി.ആർ.**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9207291798

പി.ആർ.ഒ./39/147/2018 2018 ജൂലൈ 9

## പത്രക്കുറിപ്പ്

**പി.ജി. ഏകജാലകം: വികലാംഗ/സ്‌പോർട്‌സ്/കൾച്ചറൽ സംവരണ സീറ്റുകളിലേക്കുള്ള പ്രവേശനം ഇന്ന് (ജൂലൈ 10)**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്‌സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ വികലാംഗ/സ്‌പോർട്‌സ്/കൾച്ചറൽ വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം ഇന്ന് (ജൂലൈ 10) അതാത് കോളേജുകളിൽ വച്ച് നടത്തും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ബന്ധപ്പെട്ട കോളേജുകളിൽ രാവിലെ 10 മണിക്ക് സാക്ഷ്യപത്രങ്ങളും അനുബന്ധരേഖകളുമായി ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഇന്ന് (ജൂലൈ 10) പ്രവേശനം നേടാത്തവർക്ക് പിന്നീട് ക്വാട്ടാകളിൽ പ്രവേശനം ലഭിക്കുന്നതല്ല. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജധികൃതർ ഇന്ന് (ജൂലൈ 10) വൈകീട്ട് 5 മണിക്ക് മുൻപായി ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. അഡ്മിഷൻ പോർട്ടൽ സേവനം വൈകീട്ട് 5 മണിക്ക് അവസാനിക്കും.

**പുതുക്കിയ പരീക്ഷാ തീയതി**

ജൂലൈ 11നും 13നും നടത്തുവാൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം/എം.സി.ജെ./എം.എസ്.ഡബ്ല്യു. & എം.ടി.എ. (2017 അഡ്മിഷൻ റഗുലർ/2014, 2015 & 2016 അഡ്മിഷൻ ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ യഥാക്രമം ജൂലൈ 26, 31 തീയതികളിൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷാ തീയതികൾക്ക് മാറ്റമില്ല.

**പരീക്ഷാഫലം**

2018 ജനവരി മാസത്തിൽ നടത്തിയ രണ്ടാം വർഷ ബി.എസ്.സി. നഴ്‌സിംഗ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 19 വരെ അപേക്ഷിക്കാം.

2018 ഏപ്രിൽ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ സുവോളജി (2015-2016 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 23 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ബയോസ്റ്റാറ്റിസ്റ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 23 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ജിയോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 23 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**